**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1481** **08-12-2022 - ൽ മറുപടിയ്ക്ക്**

**സമേതം പോർട്ടലിലൂടെ ലഭിക്കുന്ന സേവനങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാഭ്യാസ വകുപ്പിന്റെ സമേതം പോർട്ടലിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അക്കാദമികവും ഭൗതികവുമായ സൗകര്യങ്ങൾ ഉൾപ്പെടുത്തി കൈറ്റ് സജ്ജമാക്കിയ സ്കൂൾ ഡാറ്റാ ബാങ്കാണ് സമേതം. സ്കൂളുകളുടെ അടിസ്ഥാന വിശദാംശങ്ങൾ, ഭൗതിക സൗകര്യങ്ങൾ, ഭരണപരമായ വിശദാംശങ്ങൾ, അംഗീകൃതക്ലാസുകൾ, ഓരോ ക്ലാസിലുമുള്ള കുട്ടികൾ, അധ്യാപകർ, അധ്യാപകേതര ജീവനക്കാർ, വിവിധതലങ്ങളിൽ (സ്കൂൾ, വിദ്യാഭ്യാസ ഉപജില്ല, വിദ്യാഭ്യാസ ജില്ല, റവന്യൂജില്ല, സംസ്ഥാനതലങ്ങളിൽ) ആവശ്യമായ റിപ്പോർട്ടുകൾ, ഔദ്യോഗിക ഇ-മെയിൽ വിലാസങ്ങൾ, സമഗ്ര, സമ്പൂർണ, ക്യൂൾ, വിക്ടേഴ്സ്, സ്കൂൾവിക്കി, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ വെബ്സൈറ്റുകളിലേക്കുള്ള ലിങ്കുകൾ എന്നിങ്ങനെയുള്ള വിശദാംശങ്ങൾ സമേതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് സമേതം പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ, വിശദവിവരം ലഭ്യമാക്കുമോ? | (ബി) | ചങ്ങനാശേരി മണ്ഡലത്തിലെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളുടെയും വിശദാംശങ്ങൾ സമേതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ